No. 195/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
ദൈവകൃപയാൽ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ ഓരോ വർഷവും കൂടുതൽ പുരോഗമിച്ചുവരുന്നു. ആയതിന് പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും മറ്റുവിധത്തിലും സഹകരിച്ച സകലരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഭാ വിശ്വാസികളുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അവബോധവും, താല്പര്യപൂർവ്വമായ സഹകരണവും മൂലം ഈ വർഷം കഴിഞ്ഞ വർഷത്തെക്കാൾ 311560.71 രൂപാ കൂടുതൽ ലഭിച്ചു എന്നത് സന്തോഷകരം തന്നെ. മരണാസന്നരായ AIDS രോഗികളെ താമസിപ്പിച്ച് ആവശ്യമായ പരിചരണവും, ചികിത്സയും, ആശ്വാസവും നൽകി നല്ല പ്രത്യാശയോടെയുള്ള മരണത്തിന് ഒരുക്കുന്ന പാലിയേറ്റീവ് കെയർ സെന്റർ ഇപ്പോൾ താല്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എട്ടുപേർക്ക് മാത്രമേ ഇവിടെ സൗകര്യമുള്ളൂ. കൂടുതലായി അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. ആയതിനായി കെട്ടിടവും അനുബന്ധമായ മറ്റ് സജ്ജീകരണങ്ങളും ഉടൻ ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രിയരെ, ഈ വർഷത്തെ മിഷൻസണ്ടേ ജൂലൈ 6 -ാം തീയതിയാണ്. അന്നേ ദിവസം സഭ വകയായി നടത്തപ്പെടുന്ന സകല മിഷൻ പ്രവർത്തനങ്ങൾക്കുമായി പ്രത്യേകം പ്രാർത്ഥിക്കുകയും കവർപിരിവിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണം. അന്നത്തെ കവർപിരിവും, കാണിക്കയും, പള്ളിയിൽ നിന്നുള്ള പ്രത്യേക സംഭാവനയും ചേർത്ത് നമ്മുടെ മിഷൻ ബോർഡ് പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക്, **സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര, 690103** എന്ന വിലാസത്തിൽ 2008 സെപ്റ്റംബർ 30 -നകം അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ജൂൺ മാസം 04 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.